**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **07-06-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | കിഫ്ബിയിൽപ്പെടുത്തി കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ വികസനത്തിന് 125 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രോമാ കെയർ ഫേസ് I, ട്രോമാകെയർ ഫേസ്II, ട്രോമാകെയർ ഫേസ് III,എന്നിവയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ ട്രോമാ കെയർ ഫേസ്I ന് കിഫ്ബി യിൽ നിന്നും ധനകാര്യ അനുമതി ലഭിച്ച് ടെണ്ടർ നടപടികൾ നടന്നു വരുന്നു. ട്രോമാകെയർ ഫേസ് II, മെയിന്റനൻസ് ഫേസ് III എന്നിവയ്ക്ക് അന്തിമ ധനകാര്യ അനുമതി ലഭിക്കേണ്ടതുണ്ട് |
| (ബി) | കിഫ്ബിയിൽ നിന്നും ധനകാര്യ അനുമതി ലഭിച്ച പ്രോജക്റ്റുകൾ ഏതൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ; | (ബി) | കിഫ്ബിയിൽ നിന്നും ട്രോമാകെയർ ഫേസ് Iന് ഭരണാനുമതിയും ധനകാര്യാനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ നടന്നു വരികയാണ്. |
| (സി) | സർക്കാർ ഏറ്റെടുത്ത ശേഷം ബജറ്റിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഏതൊക്കെ പദ്ധതികളാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ മെഡിക്കൽ കോളേജിൽ ഇതുവരെയായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | (ഡി) | മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ നില നിർത്തുന്നതിന്റെ ഭാഗമായി 1430 അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് 100 അദ്ധ്യാപക തസ്തികകളും 11 അനദ്ധ്യാപക തസ്തികകളും (മിനീ സ്റ്റീരിയൽ) സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.(ആകെ 1541 തസ്തിക) |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സി) 2020-2021 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫണ്ടും ചിലവഴിച്ച തുകയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കീം | അനുവദിച്ച ഫണ്ട് | ചിലവഴിച്ച തുക |
|---|---|---|---|
| 1 | 2210-05-105-80-19 യന്ത്രോപകരണങ്ങൾ | 107530000 | 107024668 |
| 2 | 2210-05-105-80-24 സാധന സാമഗ്രികൾ | 22230000 | 18712786 |
| 3 | 2210-05-105-80-34-3 മറ്റു ചെലവുകൾ | 32040000 | 32036797 |
| 4 | 2210-05-105-12 സ്റ്റേറ്റ് പീഡ് സെൽ | 800000 | 768051 |
| 5 | 2210-05-105-99-34 സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് | 500000 | 354076 |
| 6 | 2210-06-001-09-34 ഹോസ്പിറ്റൽ വേസ്റ്റ് മാനേജ്മെന്റ് | 3600000 | 3600000 |
| 7 | 2210-05-105-30 റീവാമ്പിങ്ങ് ഓഫ് എക്സിസ്റ്റിങ്ങ് ഇൻഫ്രാസ്ട്രക്ചർ | 5000000 | 4817632 |

2020-21 സാമ്പത്തിക വർഷത്തിൽ കാപിറ്റൽ ഹെഡ്ഡിൽ ഹോസ്റ്റൽ നിർമ്മാണത്തിന് 10 കോടി രൂപയും മൈനർ വർക്ക്സ് ഹെഡ്ഡിൽ 2.07 കോടി രൂപയും അനുവദിച്ചെങ്കിലും ഈ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കാത്തതു കാരണം പ്രസ്തുത ഫണ്ട് ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് സ്കീമിൽ 10 ലക്ഷം രൂപയും ക്രിയേഷൻ ഓഫ് പേഷ്യന്റ് ഫ്രണ്ട്ലി ഉപയോഗിക്കാൻ സാധിച്ചിട്ടില്ല.

മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള ബാങ്കിന് കൊടുത്തു തീർക്കേണ്ട 100 കോടി 80 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ കാപിറ്റൽ ഹെഡ്ഡിൽ 5 കോടി രൂപയും മൈനർ വർക്ക്സ് ഹെഡ്ഡിൽ 20601000 രൂപയും യന്ത്രോപകരണങ്ങൾ എന്ന ഹെഡ്ഡിൽ 106985000 രൂപയും സാധന സാമഗ്രികൾ എന്ന ഹെഡ്ഡിൽ [illegible] രൂപയും മറ്റു ചെലവുകൾ എന്ന ഹെഡ്ഡിൽ 19904000 രൂപയും സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ എന്ന ഹെഡ്ഡിൽ 500000 രൂപയും സ്റ്റേറ്റ് പീഡ് സെൽ എന്ന ഹെഡ്ഡിൽ 800000 രൂപയും ഹോസ്പിറ്റൽ വേസ്റ്റ് മാനേജ്മെന്റ് എന്ന ഹെഡ്ഡിൽ 3600000 രൂപയും ഫാക്കുൽട്ടി ഇംപ്രൂവ്മെന്റ് സ്കീമിൽ 6 ലക്ഷം രൂപയും ബയോമെഡിക്കൽ വിങ്ങ് 10 ലക്ഷം രൂപയും സ്ട്രങ്ത്തനിങ്ങ് ഓഫ് പാരാമെഡിക്കൽ എഡ്യുക്കേഷന് 5 ലക്ഷം രൂപയും റീവാമ്പിങ്ങ് ഓഫ് എക്സിസ്റ്റിങ്ങ് ഇൻഫ്രാസ്ട്രക്ചർ എന്ന ഹെഡ്ഡിൽ 2 കോടി രൂപയും ക്രിയേഷൻ ഓഫ് പേഷ്യന്റ് ഫ്രണ്ട്ലി സ്കീമിൽ 1 കോടി രൂപയും എൻഷ്വറിങ്ങ് ഡിസേബിൾഡ് ആന്റ് എൽഡേർലി ഫ്രണ്ട്ലി എൻവയോൺമെന്റിന് 30 ലക്ഷം രൂപയും യു.ജി., പി.ജി ഹോസ്റ്റൽ നിർമ്മാണത്തിന് 3 കോടി രൂപയും അനവദിച്ചിട്ടുണ്ട്.